Phone: 0495 – 2252027
e-mail : koodaranhigp@gmail.com

# കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

പി.ഒ കൂടരഞ്ഞി, കോഴിക്കോട് ജില്ല  p 673604

SC3-2923417-2026    01/07/2026

## ലേലം/ക്വട്ടേഷൻ നോട്ടീസ്

**കൂടരഞ്ഞി ഗ്രാമ പഞ്ചായത്തിലെ അപായകരമായവൃക്ഷങ്ങളും വൃക്ഷ ശിഖരങ്ങളും മുറിച്ചുനീക്കൽ / മുറിച്ചു മാറ്റി സൂക്ഷിച്ച മരങ്ങൾ നീക്കം ചെയ്യൽ**

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിവിധ ഭാഗങ്ങളിൽ അപകടകരമായി സ്ഥിതി ചെയ്യുന്ന മരങ്ങൾമുറിച്ചു മാറ്റുന്നതിനുള്ള ലേലം **2026 ജൂലൈ മാസം 15 തിയ്യതി** ഉച്ചക്ക് ശേഷം 3.00 മണിക്ക് പഞ്ചായത്ത് ഹാളിൽ വച്ച് പരസ്യമായി നടത്തുന്നതാണ്. മുദ്രവച്ച കവറിൽ ക്വട്ടേഷൻ സമർപ്പിക്കുവാൻ താൽപര്യമുളളവർക്ക് അന്നേദിവസം ഉച്ചയ്ക്ക് 12 മണിവരെ ക്വട്ടേഷനുകൾ സമർപ്പിക്കാവുന്നതാണ്.

| നമ്പർ | സ്ഥലം | ഇനം | എണ്ണം |
|---|---|---|---|
| 1 | കുമ്പാറ ബഡ്സ് സ്കൂളിന് സമീപം | മരുത് ,വട്ട,തെങ്ങ് | 3 |

### ലേലം/ക്വട്ടേഷൻ വ്യവസ്ഥകൾ

1. ലേലത്തിൽ പങ്കെടുക്കുന്നവർ ലേല നടപടികൾക്ക് മുമ്പായി 500/- രൂപ നിരതദ്രവ്യം അടവാക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നവർ ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം അടവാക്കിയതിന്റെ രശീതി അടക്കം ചെയ്യേണ്ടതാണ്.
2. കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ ഏതെങ്കിലും ഇനത്തിൽ കുടിശ്ശിക ഉള്ളവർക്കും കരാർ ലംഘനം നടത്തിയവർക്കും ലേലത്തിൽ/ക്വട്ടേഷനിൽ പങ്കെടുക്കുവാൻ അവകാശം ഉണ്ടായിരിക്കില്ല.
3. ഏതെങ്കിലും കാരണവശാൽ ലേലദിവസം അവധിയാകുന്ന പക്ഷം ടി ലേലം തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേസമയത്ത് നടത്തുന്നതായിരിക്കും.
4. ലേലം/ക്വട്ടേഷൻ സംബന്ധിച്ച് കേരള സംസ്ഥാനത്ത് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ലേലം/ക്വട്ടേഷനും ബാധകമായിരിക്കുന്നതാണ്.
5. ലേല/ക്വട്ടേഷൻ ദിവസത്തിനു മുമ്പുള്ള ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകന്നേരം 3 മണി വരെയുള്ള സമയത്ത് സെക്രട്ടറിയുടെ അനുവാദത്തോടുകൂടി മാത്രം മരങ്ങൾ പരിശോധിക്കാവുന്നതാണ്.
6. ലേലം വിളിക്കുന്നതിന്റെ അടിസ്ഥാന നിരക്ക് അസിസ്റ്റന്റ് എൻഞ്ചിനീയർ നിശ്ചയിച്ച നിരക്കായിരിക്കുന്നതാണ്. ലേലം പൂർത്തിയായാൽ തുടർന്ന്

ക്വട്ടേഷൻ തുറക്കുന്നതും ആയത് ഉൾപ്പെടെ പരിശോധിച്ച് ഗ്രാമ പഞ്ചായത്തിലേക്ക് അടവാക്കുന്ന ഏറ്റവും കൂടിയ നിരക്ക് കാണിച്ചവരുടെ ലേലം/ക്വട്ടേഷൻ താൽകാലികമായി ഉറപ്പിക്കുന്നതാണ്.

7, ലേലം/ക്വട്ടേഷൻ താൽകാലികമായി ഉറപ്പിച്ച് ലഭിക്കുന്ന വ്യക്തി അപ്പോൾതന്നെ വിളിച്ചെടുക്കുന്ന തുകയുടെ 5% തുക സെക്യൂരിറ്റി ഡിപോസിറ്റും ലേലം വിളിക്കുന്ന മുഴുവൻ തുകയും (18% GST ഉൾപ്പടെ) അപ്പോൾ തന്നെ അടവാക്കി രസീത് കൈപ്പറ്റേണ്ടതാണ്. കൂടാതെ തടിയുടെയും വിറകിന്റെയും ലേല തുകയും GST യും ചേർത്ത തുകക്ക് 5% വന വികസന നികുതി അടവാക്കേണ്ടതാണ്.

8. ലേലം/ക്വട്ടേഷൻ അംഗീകരിക്കുന്നതിനും /കാരണം കാണിക്കാതെ നിരസിക്കുന്നതിനും ഉള്ള അധികാരം കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

9. ലേല നടപടികളുടെ ഏത് ഘട്ടത്തിലും ലേല നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിനുണ്ടായിരിക്കുന്നതാണ്.

10. ലേലം/ക്വട്ടേഷൻ അംഗീകരിച്ച് അറിയിപ്പ് ലഭിച്ച് 7 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ 200/- രൂപയുടെ മുദ്രപത്രത്തിൽ നിശ്ചിത വ്യവസ്ഥകളോടെ കരാർ ഉടമ്പടി വയ്ക്കേണ്ടതാണ്.

11. മുറിച്ചു മാറ്റിയ മരങ്ങൾ ലേലം കൊണ്ട വ്യക്തി ലേലം അംഗീകരിച്ച് അറിയിപ്പ് ലഭിച്ച് 10 ദിവസത്തിനകം പ്രസ്തുത സ്ഥലത്ത് നിന്നും നീക്കം ചെയ്യേണ്ടതാണ്.

12 മരങ്ങൾ നീക്കം ചെയ്യുന്ന സമയത്ത് ചുറ്റുമതിലിനോ സമീപത്തുള്ള മറ്റ് കെട്ടിടങ്ങൾക്കോ നിർമ്മിതികൾക്കോ നാശനഷ്ടങ്ങൾ വരുത്തുവാനോ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് വരുത്തുവാനോ ഇടയാക്കാതെ ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് നിർവഹിക്കേണ്ടതാണ്.

13. മരങ്ങൾ നീക്കം ചെയ്യുന്നതിനിടയിൽ ജീവനും സ്വത്തിനും ഉണ്ടാകാൻ സാധ്യത ഉള്ള ഏതെങ്കിലും കഷ്ടനഷ്ടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഉത്തരവാദിയായിരിക്കുന്നതല്ല. ലേലം കൊള്ളുന്ന ആൾ മാത്രമായിരിക്കും ആയതിന് ഉത്തരവാദി.

14. ലേല വ്യവസ്ഥകൾ ലംഘിക്കുന്നപക്ഷം ഗ്രാമപഞ്ചായത്ത് സ്വമേധയാ നടപടികൾ സ്വീകരിക്കുന്നതിനാൽ വന്ന് ചേരുന്ന കഷ്ട നഷ്ടങ്ങൾക്ക് ലേലം കൊണ്ട ആൾ മാത്രമായിരിക്കും ഉത്തരവാദി.

15. മരം നിലവിൽ ഏതു അവസ്ഥയിലാണോ നിൽക്കുന്നത് അതെ അവസ്ഥയിലാണ് ഗ്രാമ പഞ്ചായത്ത് ക്വട്ടേഷൻ/ലേലം ക്ഷണിക്കുന്നത്. പിന്നീട് ക്വട്ടേഷൻ കൊള്ളുന്നവർക്ക് വന്നു ചേരുന്ന യാതൊരു കഷ്ട നഷ്ടങ്ങൾക്കും ഗ്രാമ പഞ്ചായത്തിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

16. മരം മുറിക്കുന്നതിനായി ഇലക്ട്രിക് ലൈൻ /മറ്റു കേബിളുകൾ അഴിച്ചു മാറ്റുകയോ സ്വിച് ഓഫ് ചെയ്യുകയോ അഴിച്ചു മാറ്റുകയോ ചെയ്യേണ്ടതുണ്ടെങ്കിൽ ആയതിനുള്ള ചെലവു സഹിതമാണ് ക്വട്ടേഷൻ സമർപ്പിക്കേണ്ടത്. കെ എസ് ഇ ബി യിലേക്കുള്ള കത്ത് പഞ്ചായത്ത് ഓഫീസിൽ നിന്നും നൽകുന്നതാണ്.

Phone: 0495 – 2252027
e-mail : koodaranhigp@gmail.com

# കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

പി.ഒ കൂടരഞ്ഞി, കോഴിക്കോട് ജില്ല – 673604

17.കൂടുതൽ വിവരങ്ങൾ പ്രവർത്തി സമയങ്ങളിൽ പഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്. :-(ഫോൺ 049502252027)http://tender.lsgkerala.gov.in/എന്ന **വെബ് സൈറ്റിലോ സന്ദർശിക്കേണ്ടതാണ്**

സെക്രട്ടറി
കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

സുരേഷ് കുമാർ കെ (പെൻ-584958)
സെക്രട്ടറി
കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്
കോഴിക്കോട് – 673604
ഫോൺ : 0495 2252027

പകർപ്പ്

1. കൃഷിഭവൻ കൂടരഞ്ഞി
2. വില്ലേജ് ഓഫീസ് കൂടരഞ്ഞി
3. കുടുംബാരോഗ്യകേന്ദ്രം കൂടരഞ്ഞി
4. വെറ്ററിനറി ഹോസ്പിറ്റൽ കൂമ്പാറ
5. ആയുർവേദ ഹോസ്പിറ്റൽ കൂടരഞ്ഞി
6. ഓഫീസ് നോട്ടീസ് ബോർഡ്
7. ഫയൽ

# കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

## ക്വട്ടേഷൻ പരസ്യം

AS -4599296-2026 തിയ്യതി 25/06/2026

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2026-27 വാർഷിക പദ്ധതിയില് ഉൾപ്പെട്ട പ്രൊജക്ട് 116 (ബഡ്സ് സ്കൂൾ വാഹന വാടക )പ്രകാരം കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ കൂമ്പാറ എന്ന സ്ഥലത്തെ ബഡ്സ് സ്കൂളിലേക്ക് കുട്ടികളെ എത്തിക്കുന്നതിനും തിരികെ കൊണ്ടു പോകുന്നതിനും വാഹനം ലഭ്യമാക്കുന്നതിനായി കുറഞ്ഞത് 5-10 സീറ്റിംഗ് കപ്പാസിറ്റിയുള്ളതും ജി.പി.എസ് ഘടിപ്പിച്ചതും പെർമിറ്റോടുകൂടിയതുമായ(ഡ്രൈവർ ഉൾപ്പെടെ) വാഹന ഉടമകളില് നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകള് ക്ഷണിക്കുന്നു

ക്വട്ടേഷന് സ്വീകരിക്കുന്ന അവസാന തിയ്യതി .-06/07/2026 3 PM

ക്വട്ടേഷൻ തുറന്ന് പരിശോധിക്കുന്ന തിയ്യതി -06/07/2026 4 PM

വ്യവസ്ഥകൾ

1. വാഹനം ഓടുന്നതിനുള്ള കിലോമീറ്റര് നിരക്കിലുള്ള തുകയാണ് രേഖപ്പെടുത്തേണ്ടത്
2.താൽക്കാലികമായി അംഗീകരിക്കപ്പെട്ട കാരാറുകാരന് സ്വന്തം ചിലവില് 200/- രൂപയുടെ മുദ്ര പത്രത്തില് ക്വട്ടേഷൻ അംഗീകരിച്ച് 14 ദിവസത്തിനുള്ളില് അന്തിമ കരാര് വെയ്ക്കേണ്ടതാണ്.
3.ഇന്ധന ചിലവ്, വാഹന മെയിൻറനൻസ്, ഡ്രൈവറുടെ ശമ്പളം, ബത്ത, വാഹനത്തിൻറെ ടാക്സ്, ഇൻഷൂറൻസ് തുടങ്ങിയ എല്ലാ ചെലവുകളും കരാറുകാരന് വഹിക്കേണ്ടതാണ്. ആയത് ഉൾപ്പെടെയുള്ള തുകയാണ് ക്വട്ടേഷനില് ക്വാട്ട് ചെയ്യേണ്ടത്.
4. വാഹനത്തിന് പെർമിറ്റ് ഉൾപ്പെടെ നിയമപരമായ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതും ആയതിൻറെ പകർപ്പ് ക്വട്ടേഷനില് ഉൾക്കൊള്ളിക്കേണ്ടതുമാണ്.
5 നിർവ്വഹണ ഉദ്യോഗസ്ഥൻറെ നിർദ്ദേശങ്ങള് പാലിക്കാതെ വന്നാല് വാഹന ഉടമയുമായുള്ള കരാര് 7 ദിവസം മുമ്പ് നോട്ടീസ് നൽകി റദ്ദ ചെയ്യുവാനുള്ള അധികാരം നിർവ്വഹണ ഉദ്യോഗസ്ഥനില് നിക്ഷിപ്തമായിരിക്കും.
6. കരാറുകാരന് ഇൻകംടാക്സ് ഡിപ്പാർട്ട്മെൻറില് നിന്നുള്ള പാൻകാർഡ് ഉണ്ടായിരിക്കേണ്ടതാണ്.
7.ക്വട്ടേഷൻ താൽക്കാലികമായി അംഗീകരിച്ചതിന് ശേഷം പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തിന് ശേഷം മാത്രമേ ക്വട്ടേഷന് അന്തിമമായി അംഗീകരിക്കുകയുള്ളൂ.
8. വാഹനം എന്തെങ്കിലും അടിയന്തിര സാഹചര്യം മൂലം നൽകാന് കഴിയാതെ വന്നാല് പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്.
9. കരാർ സമയത്ത് അംഗീകരിക്കുന്ന തുകയിൽകരാർ കാലയളവില് ഉണ്ടായേക്കാവുന്ന ഇന്ധന വിലവർദ്ധനവ് പരിഗണിക്കുന്നതല്ല.
10. ലോഗ് ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും യാത്ര സംബന്ധമായ വിവരങ്ങള് കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.
11. വാഹനത്തിന്ഏഴ്വർഷത്തിൽകൂടുതൽപഴക്കമുണ്ടാകാൻപാടില്ല.
12. ക്വട്ടേഷൻ വാഹനത്തിൻറെ തരം, രജിസ്ട്രേഷൻ നമ്പർ,ടാക്സി പെർമിറ്റ് നമ്പർ മുതലായ വിവരങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്

അസി.സെക്രട്ടറി
JAYAPRAKASH KK
കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്
Assistant Secretary
Koodaranhi Grama Panchayath
Kozhikode, Pin - 673604
Phone : 0495-2252027